കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് - 2015 - 16


# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി4/1991/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
ഇ-മെയിൽ lfaddistofficeknr@gmail.com
വെബ് www.lfa.kerala.gov.in
ഫോൺ : 04972707698

തീയതി : 04.01.2017.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡണ്ട് (സെക്രട്ടറി മുഖേന),
പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം:-പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

**************************

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2,3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ15(1), 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പ്രതി.

PVP

നം.കെ.എസ്.എ/കെ.എൻ.ആർ/സി4/1991/2016.

തീയതി :04.01.2017.

# കണ്ണൂർ ജില്ലയിലെ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

ആമുഖം

പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളും വാർഷിക ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01.04.15 മുതൽ 13.10.16 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൌണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നിലനില്ക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത് 26 ഓഡിറ്റ് എൻക്വയറികൾ നല്കിയതിൽ 23 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/രേഖകൾ/വിശദീകരണം/വിവരങ്ങൾ, കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട്/ഗ്രാമപഞ്ചായത്തിന്റെ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, ഉദ്യോഗപ്പേര് | ശ്രീ. അശോകൻ മാത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീമതി.സിസ്ധു ടി.പി. | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ഷീല കെ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.സബിത കെ. | ഓഡിറ്റർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.10.16 മുതൽ 24.10.16 വരെ |

നിർവ്വഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പി. വി. തമ്പാൻ | 01.04.15 മുതൽ 31.10.15 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി<br>1. ശ്രീ. ജയ്സൺ മാത്യു, സെക്രട്ടറി<br>2.ശ്രീ.മോഹനൻകെ.എം., കൃഷി ഓഫീസർ<br>3. ശ്രീമതി.ബീന കെ., ഐസിഡിഎസ് സൂപ്പർവൈസർ | 01.11.15 മുതൽ 11.11.15 വരെ<br>(12.11.15-ന് പുതിയ ഭരണ സമിതി നിലവിൽ വന്നു പ്രസിഡണ്ടിനെ തെരഞ്ഞെടുത്തത് 19.11.15-ന്) |
| | ശ്രീമതി.നളിനി പി. | 19.11.15 മുതൽ 31.03.16 വരെ |
| സെക്രട്ടറി | ശ്രീ. ജയ്സൺ മാത്യു, | 01.04.15 മുതൽ 31.03.16 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീമതി.ഷമ്ന ഉണ്ണികൃഷ്ണൻ | 01.04.15 മുതൽ 31.03.16 വരെ |
| കൃഷി ഓഫീസർ | ശ്രീ.കെ.എം. മോഹനൻ | 01.04.15 മുതൽ |

| | | |
|---|---|---|
| | | 31.03.16 വരെ |
| വി.ഇ.ഒ. | ശ്രീ.യൂനസ് കെ. | 01.04.15 മുതൽ 13.03.16 വരെ |
| | ശ്രീ. സുനിൽകുമാർ കെ. | 14.03.16 മുതൽ 31.03.16 വരെ |
| ഹെഡ് മാസ്റ്റർ ജിയുപിഎസ്, പോത്താംകണ്ടം | ശ്രീ. ആർ.ഗംഗാധരൻ | 01.04.15 മുതൽ 31.03.16 വരെ |
| സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ, പെരിങ്ങോം | ഡോ.അനിൽകുമാർ | 01.04.15 മുതൽ 20.11.15 വരെ |
| | ഡോ. സലില കെ. | 21.11.15 മുതൽ 14.02.16 വരെ |
| | ഡോ.സ്റ്റെഫിസെബാസ്റ്റ്യൻ | 15.02.16 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ. രാഖി ടി.പി. | 01.04.15 മുതൽ 31.03.16 വരെ |
| വെറ്ററിനറി സർജൻ | ഡോ. ബിലോനി ചാക്കോ | 01.04.15 മുതൽ 31.03.16 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. കെ.ബീന | 01.04.15 മുതൽ 14.01.16 വരെ |
| | ശ്രീമതി. വിഭ വി. | 15.01.16 മുതൽ 31.03.16 വരെ |
| അസി. സെക്രട്ടറി | ശ്രീ. ബാബുരാജ് എം.പി. | 01.04.15 മുതൽ 31.03.16 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം –I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1(1) | |
| 2 | വാർഷിക ധനകാര്യ പത്രിക | 1(2) | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1(3) | |
| 4 | സാമ്പത്തിക വിശകലനം | 1(4) | |
| 5 | ഫണ്ട് വിനിയോഗം | 1(5) | |
| 6 | പദ്ധതി അവലോകനം | 1(6) | |
| 7 | തനത് വരുമാനം | 1(7) | |
| 8 | ക്ഷേമ പദ്ധതികൾ | 1(8) | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) | |
| 11 | അനുബന്ധ പത്രികകൾ | 1(11) | |
| ഭാഗം II – വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 12 | തൊഴിൽ നികുതി അപാകങ്ങൾ | 2(1) | |
| 13 | കള്ള് ഷാപ്പുകളിൽ നിന്നും, റേഷൻ കടകളിൽ നിന്നും ഡി & ഒ ലൈസൻസ് ഈടാക്കുന്നില്ല | 2(2) | |
| 14 | സ്വകാര്യ ആശുപത്രികൾ അനുമതിയില്ലാതെ പ്രവർത്തിക്കുന്നു | 2(3) | |
| 15 | ഇ ടെണ്ടർ-ടെണ്ടർ ഫോറം വില തിരികെ ലഭിച്ചിട്ടില്ല | 2(4) | |

| | | | |
|---|---|---|---|
| 16 | ഗതാഗതവുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 2(5) | |
| 17 | രജിസ്റ്റർ സൂക്ഷിപ്പ് | 2(6) | |
| ഭാഗം III – ചെലവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 17 | തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടില്ല | 3-1 | |
| 18 | ഫുൾ ടൈം കണ്ടിജന്റ് ജീവനക്കാരുടെ ആർജിതാവധിക്കണക്ക് സംബന്ധിച്ച് | 3-2 | |
| 19 | ടോട്ടൽ ക്വാളിറ്റി മാനേജ് മെന്റ് - റബ്ക്കോവിൽ നിന്ന് ഫർണ്ണിച്ചർ വാങ്ങൽ - പാർട്ടീഷൻ വാൾ നിർമ്മാണം - 189470/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു | 3-3 | |
| 20 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല – 931000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു | 3-4 | |
| 21 | സാധനങ്ങൾ സ്റ്റോക്കിലെടുത്തതിൽ വ്യത്യാസം - 1713/- രൂപ നിരാകരിക്കുന്നു | 3-5 | |
| 22 | ലൈസൻസ് ഇല്ലാത്ത ഗുണഭോക്താവിന് മുച്ചക്ര വാഹനം നൽകി - 69500/- രൂപ തടസ്സപ്പെടുത്തുന്നു. | 3-6 | |
| 23 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി | 3-7 | |
| 24 | ജി എച്ച് എസ് എസ് വയക്കര - പ്ലേ ഗ്രൌണ്ട് നിർമ്മാണം- വിവിധ അപാകങ്ങൾ - 761561/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. | 3-8 | |
| 25 | കണ്ണങ്കൈ കോളനി റോഡ് സോളിംഗ് – മൂല്യവർധിത നികുതി ഈടാക്കിയതിൽ കുറവുവന്നത്-6659/- രൂപയുടെ ചെലവ് നിരാകരിക്കുന്നു | 3-9 | |
| 26 | കൂടം എസ് ടി കോളനി സാംസ്കാരികനിലയം നിർമ്മാണം- മൂല്യവർധിത നികുതി ഒടുക്കിയതിൽ കുറവു വന്നത് | 3-10 | |
| 27 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ | 3-11 | |

| | | | |
|---|---|---|---|
| | പ്രവൃത്തികൾ പൊതു അപാകങ്ങൾ | | |
| ഭാഗം IV - ഓഡിറ്റ് പ്രത്യവലോകനം | | | |
| 28 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 29 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകകൾ | 4-2 | |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത് | 4-3 | |
| 31 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 32 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 33 | ഓഡിറ്റ് റിക്കവറി | 4-6 | |
| 34 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 36 | ഓഡിറ്റ് ഇംപാക്ട് | 4-9 | |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 | |
| അനുബന്ധപത്രികകൾ | | | |
| 38 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | | |
| 39 | അനുബന്ധം-2 ബാലൻസ് ഷീറ്റ് | | |
| 40 | അനുബന്ധം-3 ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | | |
| 41 | അനുബന്ധം-4 റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2015-16-ലെ ബജറ്റ് പാസാക്കിയ തീരുമാനം നമ്പർ, തീയതി | ബജറ്റ് പുതുക്കിയ തീരുമാനം നമ്പർ, തീയതി |
|---|---|
| | |

| | |
|---|---|
| 16.03.15-ലെ ഭരണസമിതി തീരുമാനം നമ്പർ 129/15 | 27.02.16-ലെ ഭരണസമിതി തീരുമാനം നമ്പർ 110/16 |

ബജറ്റിൽ ബി ഫണ്ട് (ഡിബിടി) തുകയും എംഎൻആർഇജിഎസ്-ന വേണ്ടി ഇഎഫ് എംഎസ് വഴി ലഭിച്ച തുകയും ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിട്ടുള്ളത്. റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിൽ ഇവ രണ്ടും ഉൾപ്പെടുന്നില്ല. ആയതിനാൽ ഇവ തമ്മിലുള്ള താരതമ്യം സാധ്യമായിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 27.06.2016 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സാക്ഷരതാ ഫണ്ട് പോലെ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച ശേഷം തിരികെ ലഭിക്കുന്ന ചെലവുകൾ നിരീക്ഷിക്കുന്നതിന് പ്രത്യേക അക്കൗണ്ട് സൂക്ഷിക്കുകയോ കിട്ടാനുള്ള തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2. ആയുർവേദ വകുപ്പിൽ നിന്ന് ലഭ്യമായ 7000/- രൂപ മുഴുവനായും പ്രസ്തുത ഹെഡിൽ വരവ് കാണിക്കാതെ RP7 ഷെഡ്യൂളിൽ പ്രസ്തുത ഹെഡിൽ 2119/- രൂപയും state sponsored schemes others എന്ന ഹെഡിൽ ഇലക്ഷൻ വരവിനൊപ്പം ബാക്കി തുക വരവ് ചേർക്കുകയും RP19-ൽ ആയുർവേദ വകുപ്പ് ചെലവായി 4641/- രൂപയും state sponsored schemes others ഹെഡിൽ ബാക്കി തുകയും ചെലവായി ചേർക്കുകയും ചെയ്തു.

3. Animal Husbandary എന്ന ഹെഡിൽ ചെലവായി RP19-ൽ കാണിച്ച 650/- രൂപ യഥാർത്ഥത്തിൽ മൃഗാശുപത്രിയുടെ വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതിനു വേണ്ടി തനത് ഫണ്ടിൽ നിന്നും നടത്തിയ ചെലവാണ്.

4. ലൈബ്രറി ഗ്രാന്റായി 2015-16 സാമ്പത്തിക വർഷം 29640/- രൂപ ലഭിച്ചതിൽ 14820/- രൂപ RP7-ൽ വരവായി ചേർത്തത് ശരിയല്ല. രണ്ടാമതായി ലഭിച്ച 14820/- രൂപ RP31-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്

5. ബാലൻസ് ഷീറ്റ് ബി9 ഷെഡ്യൂളിൽ net salary payable, pension contribution എന്നീ ഹെഡുകളിൽ പാർട്ട് ടൈം ലൈബ്രേറിയന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ other recoveries from employees എന്ന ഹെഡിൽ 36074/- രൂപ വരവ് ചേർത്തിട്ടുണ്ട്. ഇത് ഏതൊക്കെ ഇനങ്ങൾ ചേർന്നതാണെന്ന് വ്യക്തമല്ല.

6. ബാലൻസ് ഷീറ്റ് പ്രകാരം ഇൻവെസ്റ്റ് മെന്റ് ബാലൻസ് 21500/- രൂപയാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന് മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോ ഓപ്പറേറ്റീവ് ലിമിറ്റഡിന്റെ 20000/- രൂപയുടെ ഷെയർ സർട്ടിഫിക്കറ്റും കണ്ണൂർ ജില്ലാ ഹോസ്പിറ്റൽ സൊസൈറ്റിയുടെ 10000/- രൂപയുടെ

ഷെയർ സർട്ടിഫിക്കറ്റും ഉൾപ്പെടെ 30000/- രൂപയുടെ നിക്ഷേപമുണ്ട്.

7. ആസ്തികളുടെ മൂല്യ നിർണ്ണയം പൂർത്തിയായിട്ടില്ലാത്തതിനാൽ ബി11 ഷെഡ്യൂളിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല
8. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് അക്കൗണ്ടിംഗ് നിയമപ്രകാരമല്ല തയ്യാറാക്കിയത്. (A+B+C മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസവുമായിപൊരുത്തപ്പെടുന്നില്ല).
9. എം പി ഫണ്ട് നീക്കിയിരിപ്പ് പാസ്ബുക്ക് നീക്കിയിരിപ്പിൽ നിന്ന് വ്യത്യസ്തമാണ്.

10. RP 40 ഷെഡ്യൂളിൽ സ്പെഷ്യൽ ടി എസ് പി ഫണ്ട് (എസ്ജിഎസ് വൈ ഫണ്ട്) ഓപ്പറേറ്റിംഗ് അല്ല. നീക്കിയിരിപ്പ് തുക സർക്കാർ നിർദ്ദേശ പ്രകാരം തിരിച്ചടക്കേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 1,01,17,711 |
| വരവ് (R&P സ്റ്റേറ്റ്മെന്റ് പ്രകാരം ) | 4,92,05,632 |
| ആകെ | 5,93,23,343 |
| ചെലവ് (R&P സ്റ്റേറ്റ്മെന്റ് പ്രകാരം ) | 5,54,49,174 |
| നീക്കി ബാക്കി | 38,74,169 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കി ബാക്കി (RP 40(b) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 8498786+ (*)6016124 (TC) =14514910 | 14514910 | 14514910 | | 0 |
| വികസനഫണ്ട് (എസ് സി പി) | 0 | 23,78,000 | 23,78,000 | 23,78,000 | | 0 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 62,78,202 | 62,78,202 | 62,78,202 | | 0 |
| സംരക്ഷണ ഗ്രാന്റ് - (റോഡിതരം) | 0 | 37,78,573 | 37,78,573 | 37,78,573 | | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 68,23,577 | 6823577 | 47,20,453 | 21,03,124 | 0 |
| ലോകബാങ്ക് ധനസഹായം | 39,13,000 | 38,88,904 | 7801904 | 38,88,904 | 39,13,000 | 0 |
| ബി ഫണ്ട് | -- | 25994480 | 25994480 | -- | 25994480 | -- |
| കേന്ദ്രവിഹിതം | 4273561 | 1706540 | 5980101 | | 4466461 | 1513640 |

(*)2103124+3913000=3016124

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 178 | 142 | 13 | 36 | 72.47 |

.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 6 | 36,95,620 | 33,59,820 | 90.91 |
| വെറ്ററിനറി സർജൻ | 7 | 5 | 34,30,000 | 26,80,000 | 78.13 |
| മെഡിക്കൽ | 3 | 3 | 5,01,000 | 3,41,217 | 68.10 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ, (താലൂക്ക് ഹോസ്പിറ്റൽ) | | | | | |
| മെഡിക്കൽ ഓഫീസർ (ആയുർവേദ) | 2 | 2 | 10,00,000 | 10,00,000 | 100 |
| വി ഇ ഒ | 19 | 15 | 80,10,565 | 54,44,082 | 67.96 |
| ഐസിഡിഎസ് സൂപ്പർവൈസർ | 5 | 4 | 38,27,678 | 33,00,947 | 86.24 |
| സെക്രട്ടറി | 26 | 18 | 74,32,277 | 54,01,735 | 72.68 |
| അസിസ്റ്റന്റ് സെക്രട്ടറി | 17 | 15 | 30,83,538 | 19,71,538 | 63.94 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 85 | 69 | 3,36,92,661 | 2,01,46,288 | 59.79 |
| ഹെഡ് മാസ്റ്റർ | 6 | 5 | 7,91,000 | 7,40,000 | 93.55 |
| ആകെ | 178 | 142 | 6,54,64,539 | 4,43,85,627 | 67.81 |

## 1-7 തനത് വരുമാനം

ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 12.75% കുറവുണ്ടായിട്ടുണ്ട്

| | 2014-15 | 2015-16 | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 4839370 | 4105102 | -734262 | -15.17 |
| നികുതിയേതര വരവുകൾ | 836014 | 845880 | 9886 | 11.8 |
| മറ്റു വരവുകൾ | 962 | 1724 | 762 | 79 |

| | | | | |
|---|---|---|---|---|
| | 5676346 | 4952706 | -723640 | -12.75 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നമ്പർ | പദ്ധതി | 2015-16-ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | ചെലവ് |
|---|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 18 | 14 | 10 | 5743080 |
| 2 | തൊഴിൽരഹിത വേതനം | 6 | 4 | 4 | 342480 |
| 3 | വിധവാ പെൻഷൻ | 95 | 79 | 4 | 12901680 |
| 4 | ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 17 | 12 | 6 | 3291380 |
| 5 | അവിവാഹിതകൾക്കുള്ള പെൻഷൻ | 6 | 5 | 1 | 606720 |
| 6 | വാർധക്യകാല പെൻഷൻ | 456 | 422 | 18 | 8582220 |

അപേക്ഷകൾ നിയമാനുസൃത സമയ പരിധിക്കകം തീർപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.06.2016 തീയതി ഉച്ചക്ക ശേഷം 2 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 429/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നമ്പർ | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 09.10.16 | 09/2016 | ലഭിച്ചിട്ടില്ല | ഇല്ല |
| 2 | അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.06.14 | 2009-10 മുതൽ 2013-14 വരെ | 16.07.14 | |

## 1-11 അനുബന്ധ പത്രികകൾ

1 . ഓഡിറ്റ് സർട്ടിഫിക്കറ്റ്

2. ബാലൻസ് ഷീറ്റ്

3. ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

4. റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി - അപാകങ്ങൾ

1) തൊഴിൽ നികുതി ഈടാക്കാത്തത്

കേരള പഞ്ചായത്ത് രാജ് ആക്ട് ചട്ടം 3 സെക്ഷൻ 245 (i),(ii) പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകും. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള ആധാരമെഴുത്തുകാർ, കോൺട്രാക്ടർമാർ, ഡ്രൈവിംഗ്സ്കൂൾ ഉടമകൾ, അഭിഭാഷകർ, സ്വകാര്യ ആശുപത്രികളിലെ ജീവനക്കാർ തുടങ്ങിയവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. മേൽ പറഞ്ഞവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.3/2015-16-ന് ലഭ്യമാക്കിയ മറുപടിയിൽ കുടിശ്ശികയടക്കം തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ വിഭാഗങ്ങളിൽപ്പെട്ടവരിൽ നിന്നും വരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റ് വിഭാഗത്തെ അറിയിക്കേണ്ടതാണ്.

2) സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന റേഷൻ കടകളിൽ നിന്നും, കള്ള് ഷാപ്പുകളിൽ നിന്നും, സ്വകാര്യ ആശുപത്രികളിൽ നിന്നും ടേൺ ഓവറിന്റെ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഈടാക്കുന്നില്ല. മേൽ പറഞ്ഞവരിൽ നിന്നും (ടേൺ ഓവർ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതിക്ക് വിധേയരാണെങ്കിൽ) തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് നല്കുമ്പോൾ ചട്ട പ്രകാരം തൊഴിൽ നികുതിക്ക് വിധേയരാകാവുന്ന എല്ലാവർക്കും ഡിമാന്റ് നോട്ടീസ് നല്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 കള്ള് ഷാപ്പുകളും റേഷൻ കടകളും പ്രവർത്തിക്കുന്നത് ലൈസൻസ് ഇല്ലാതെ

കേരള പഞ്ചായത്ത് രാജ് ആക്ട് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3, മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ, വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാക്കുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് (ഈ കാര്യങ്ങൾ ചട്ടങ്ങളുടെ പട്ടിക 1-ൽ കാണിച്ചിട്ടുണ്ട്). സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല. പട്ടിക 1-ലെ ക്രമ നമ്പർ 139, 149 ആയി കള്ള് ഷാപ്പുകളും, റേഷൻ കടകളും ഉൾപ്പെടുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ രണ്ട് കള്ള് ഷാപ്പുകളും, 9 റേഷൻ കടകളും പ്രവർത്തിച്ച് വരുന്നതായി ഓഡിറ്റ് എൻക്വയറിനം. 10/2015-16-ന് ലഭ്യമാക്കിയ മറുപടിയിൽ നിന്നും വ്യക്തമായിട്ടുണ്ട്. രണ്ട് റേഷൻ കടകളിൽ നിന്നു മാത്രമാണ് ലൈസൻസ് ഫീസ് ഈടാക്കുന്നത്. ബാക്കി വരുന്ന രണ്ട് കള്ള് ഷാപ്പുകളിൽ നിന്നും, 7 റേഷൻ കടകളിൽ നിന്നും, ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കുന്നില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാത്തതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 10/2015-16-ന് ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനങ്ങൾക്ക് ഫീസ് ഈടാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ലൈസൻസ് എടുക്കാതെ പ്രവർത്തിച്ചതിനുള്ള പിഴയും ഈടാക്കേണ്ടതാണ്.

## 2-3 സ്വകാര്യ ആശുപത്രികൾ അനുമതിയില്ലാതെ പ്രവർത്തിക്കുന്നു

1997-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (സ്വകാര്യ ആശുപത്രികളുടെയും, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രികളും, പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല. 2015-16 സാമ്പത്തിക വർഷം പഞ്ചായത്ത് പരിധിയിൽ താഴെ പറയുന്ന സ്വകാര്യ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട യാതൊരു വിവരങ്ങളും ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. പ്രസ്തുത സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ പ്രവർത്തിക്കാനിടയായത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്.

1) മലബാർ മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ.

2) വയക്കര എജ്യൂക്കേഷണൽ ചാരിറ്റബിൾ സൊസൈറ്റി ഹോസ്പിറ്റൽ.

3) രാജീവ്ഗാന്ധി ചാരിറ്റബിൾ ഹോസ്പിറ്റൽ.

4) ആഞ്ജനേയം ആയുർവേദ ഹോസ്പിറ്റൽ.

മേൽ പറഞ്ഞ സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് ഈടാക്കാത്തത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപെട്ടിരുന്നില്ലെന്നും ഇപ്പോൾ നോട്ടീസ് നല്കിയിട്ടുണ്ടെന്നുമാണ് അറിയിച്ചത്.

സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള പിഴ ഈടാക്കേണ്ടതും പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് യഥാസമയം റിപ്പോർട്ട് നല്കാൻ വാർഡുകളുടെ ചുമതലയുള്ള കലക്ഷൻ

സ്റ്റാഫിന് രേഖാമൂലം നിർദ്ദേശം നൽകേണ്ടതുമാണ്. ഇക്കാര്യത്തിലേക്ക് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-4 ഇ ടെണ്ടർ - ടെണ്ടർ ഫോറം വില തിരികെ ലഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ അഞ്ചു ലക്ഷത്തിനു മുകളിലുള്ള നിർമ്മാണ പ്രവൃത്തികൾ ഇ-ടെണ്ടർ നടത്തിയത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ട് വഴിയാണ്. ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന ടെണ്ടർ ഫോറം വില തിരികെ ലഭിച്ചിട്ടില്ല. 2014-15 94605/- രൂപ, 2015-16 101850/- രൂപ എന്നിങ്ങനെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൌണ്ടിൽ വന്ന തുക തിരികെ ലഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. തുക ലഭിച്ച ശേഷം അതോടൊപ്പം ശേഖരിച്ച മൂല്യവർധിത നികുതി ബന്ധപ്പെട്ട അക്കൌണ്ടിലേക്ക് ഒടുക്കേണ്ടതാണ്.

## 2-5 ഗതാഗതവുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖയിലെ (GO(MS)225/12/തസ്വഭവ തീയതി 18.08.2012) അനുബന്ധം 1-ൽ ഗതാഗതവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളിൽ (15(1),(2)) റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കാനും ഓരോ പ്രോജക്ടിനുമൊപ്പം റോഡ് കണക്ടിവിറ്റി മാപ്പിൽ ബന്ധപ്പെട്ട റോഡ് പ്രത്യേക നിറത്തിൽ രേഖപ്പെടുത്താനും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ റോഡുകളിൽ റോഡുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന മൈൽ സ്റ്റോണുകൾ സ്ഥാപിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16/01/2010-ലെ GO(MS)165/2010 നമ്പർ ഉത്തരവു പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സംരക്ഷണത്തിലുള്ള റോഡുകളെ തിരിച്ചറിയുന്നതിന് പേര് സൂചിപ്പിക്കുന്ന ബോർഡ് സ്ഥാപിക്കുന്നതിനും കിലോമീറ്റർ ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ആയത് പാലിക്കാത്തതും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്.

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് ആസ്തികളുടെ സംരക്ഷണവും സൈൻ ബോർഡ് സ്ഥാപിക്കലും എന്ന പ്രോജക്ട് (175/16) തയ്യാറാക്കിയിരുന്നുവെങ്കിലും നടപ്പാക്കിയിട്ടില്ല.

## 2-6 രജിസ്റ്റർ സൂക്ഷിപ്പ്, മറ്റ് അപാകങ്ങൾ

(a) രജിസ്റ്റർ സൂക്ഷിപ്പ്:

ഗ്രാമപഞ്ചായത്തിന്റെ ടൂൾസ് & പ്ലാന്റ്സ് സ്റ്റോക്ക് രജിസ്റ്ററിൽ സെക്രട്ടറി നടത്തിയ പർച്ചേസുകൾ രേഖപ്പെടുത്തിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതുമായി ബന്ധപ്പെട്ട സ്റ്റോക്ക് സർട്ടിഫിക്കറ്റ് പർച്ചേസ് ബില്ലിൽ രേഖപ്പെടുത്താതിരുന്നതും അപാകമാണ്. മറ്റ് സ്റ്റോക്ക് രജിസ്റ്ററുകളിലും ഇതേ അപാകം ആവർത്തിക്കുന്നു.

വാങ്ങിയ അല്ലെങ്കിൽ പ്രിന്റു ചെയ്ത സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിതരണ വിവരങ്ങൾ രേഖപ്പെടുത്താതിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ഓരോ വർഷത്തേയും പ്രോജക്ട് പ്രകാരം വാങ്ങുന്ന സാധനങ്ങളിൽ പ്രോജക്ട് നമ്പർ, വാങ്ങിയ വർഷം, ഫണ്ട് തുടങ്ങിയ വിവരങ്ങൾ

രേഖപ്പെടുത്തുന്നത് ഉചിതമായിരിക്കും.

2011-ലെ അസാധാരണ ചെലവ് ചട്ടങ്ങളിൽ നിർദ്ദേശിക്കും പ്രകാരമുള്ള അസാധാരണ ചെലവ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

(b) പരസ്യ നികുതി ഈടാക്കാത്തത്:

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 209-ാം വകുപ്പിൽ നിർദ്ദേശിച്ച പ്രകാരമുള്ള പരസ്യ നികുതി ഗ്രാമപഞ്ചായത്ത് പരിധിയിൽ നാളിതുവരെയായി ഈടാക്കിയിട്ടില്ല. പ്രസ്തുത വകുപ്പ് പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും സർക്കാർ വക സ്ഥലത്തോ സ്വകാര്യ സ്ഥലത്തോ പൊതുജനങ്ങൾക്ക് കാണത്തക്കവിധം പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നുണ്ടെങ്കിൽ പരസ്യത്തിന്റെ ഉടമ സർക്കാരിന്റെ അംഗീകാരത്തോടുകൂടി ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ പരസ്യനികുതി ഒടുക്കുവാൻ ബാധ്യസ്ഥരാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ നിരവധി പരസ്യങ്ങൾ പ്രദർശിപ്പിക്കപ്പെടുന്നുണ്ടെങ്കിലും പരസ്യ നികുതി ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങാൻ താമസിക്കുന്നതിനാൽ നാളിതുവരെയും ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് യാതൊരു വരുമാനവും ലഭ്യമായിട്ടില്ല. പരസ്യനികുതി ഈടാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ സെക്രട്ടറിയുടെ അനുമതിയില്ലാതെ നിലവിൽ പരസ്യങ്ങൾ പ്രദർശിപ്പിച്ചവരിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 257(1), 6-ാം പട്ടിക പ്രകാരം 500/- രൂപ പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഇതിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നാളിതു വരെ പൂർത്തിയായിട്ടില്ല. ഊർജ്ജ വിനിയോഗത്തിന് ആനുപാതികമായ കറണ്ട് ചാർജ്ജ് ഒടുക്കുന്നതിന് മീറ്ററിംഗ് നടപടികൾ പൂർത്തിയാക്കുന്നതിനും ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി പ്രവർത്തനക്ഷമമായ തെരുവു വിളക്കുകളുടെ എണ്ണവും തരവും രേഖപ്പെടുത്തുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3-2 ഫുൾ ടൈം കണ്ടിജന്റ് ജീവനക്കാരുടെ ആർജ്ജിതാവധിക്കണക്ക് സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിലെ ഫുൾ ടൈം കണ്ടിജന്റ് ജീവനക്കാർക്ക് റഗുലർ ജീവനക്കാരുടേതിന് തുല്യമായ (1/11) ആർജ്ജിതാവധി ക്രെഡിറ്റിൽ ചേർക്കുന്നത് ശരിയല്ല. സർക്കാർ ഉത്തരവു പ്രകാരം ഫുൾടൈം കണ്ടിജന്റ് ജീവനക്കാർക്ക് 1/15 നിരക്കിലുള്ള ആർജ്ജിതാവധിക്കാണ് അർഹത. ഇതുമായി ബന്ധപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സർക്കാർ സർവ്വീസുകളിൽ 1/11 നിരക്കിൽ നല്കുന്നതിനാലാണ് ഈ രീതിയിൽ ചെയ്തതെന്നും പഞ്ചായത്ത് ജീവനക്കാർ സർക്കാർ ജീവനക്കാരാണെന്നും മറുപടി നല്കുകയുണ്ടായി. ഇതു സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതും ആർജ്ജിതാവധി അധികമായി ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ പുനഃക്രമീകരിക്കേണ്ടതുമാണ്.

### 3-3 ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ്-റബ്കോവിൽ നിന്ന് ഫർണ്ണിച്ചർ വാങ്ങൽ-പാർട്ടീഷൻ വാൾ നിർമ്മാണം-ഡ്രോയിംഗ്, ഡാറ്റ ഹാജരാക്കിയില്ല -

## **1,89,470/-** രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

പ്രോജക്റ്റ് നമ്പർ : S0017/16

അടങ്കൽ : 5,11,927/- രൂപ
(2,41,927/- തനത് ഫണ്ട്,
88,000/- പ്ലാൻഫണ്ട് ജനറൽ,
1,82,000/- ധനകാര്യകമ്മീഷൻ അവാർഡ്)
ചെലവ്

ചെക്ക് നമ്പർ 112470/28.11.2015 – 2,41,927/- രൂപ

ഡി ഡി നമ്പർ 364719/28.12.15 - 2,70,000/- രൂപ

ആകെ 51,19,27/- രൂപ

ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനായി ഫർണ്ണിച്ചർ വാങ്ങുന്നതിനുള്ളതാണ് പദ്ധതി. റബ്കോ മുഖേനയാണ് പദ്ധതി നടപ്പാക്കിയത്. ഫർണ്ണിച്ചറിന് പുറമേ ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ വിവിധ ഭാഗങ്ങളിലായി റബ്ക്കോ മുഖാന്തിരം പാർട്ടീഷൻ വാളുകളും പാർട്ടീഷൻ ഡോറുകളും സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട ഡ്രോയിംഗുകളും ഡാറ്റയും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ബില്ലിൽ As per drawing എന്ന് രേഖപ്പെടുത്തി ആകെ തുക രേഖപ്പെടുത്തുകയാണ് ചെയ്തത്. പ്രസ്തുത ഇനങ്ങളുടെ ഡ്രോയിംഗും ഡാറ്റയും ഹാജരാക്കേണ്ടതാണ്. ഈയിനത്തിനു വേണ്ടി ചെലവഴിച്ച 1,65,475+14.5% VAT=189470/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.
പാർട്ടീഷൻ വാൾ നിർമ്മാണം ടെണ്ടർ നടപടികളിലൂടെയല്ലാതെ റബ്കോവിനെ ഏൽപ്പിച്ചതും ശരിയായ നടപടിയല്ല.

## **3-4** വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- **9,31,000/-**രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

താഴെ പറയുന്ന ചെലവുകളുമായി ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തടസപ്പെടുത്തുന്നു.

| വൌച്ചർ നം | തീയതി | തുക | റിമാർക്സ് |
|---|---|---|---|
| 21500909 | 16.01.2016 | 5,00,000/- (സാമൂഹ്യ സുരക്ഷാ മിഷന് നല്കിയത്) | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 21500980 | 27.01.2016 | 10,000/- (പെർഫോമൻസ് ഓഡിറ്റ് വിംഗിന് നല്കിയത്) | -ടി- |
| 21501366 | 31.03.16 | 4,21,000 (വനിതാ വ്യവസായ എസ്റ്റേറ്റിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ കെഎസ്ഇബി-ക്ക് നല്കിയത്) | വിനിയോഗ സാക്ഷ്യപത്രം, എഗ്രിമെന്റ്- ഹാജരാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| | | | |
| | ആകെ | 9,31,000/- രൂപ | |

രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 സാധനങ്ങൾ സ്റ്റോക്കിലെടുത്തതിൽ വ്യത്യാസം - 1713/- രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നമ്പർ -25/15-16

പ്രോജക്ടിന്റെ പേര് -അംഗൻവാടി പോഷകഹാരം

അടങ്കൽ -27,64,164/- രൂപ

(21,00,000/- (വികസന ഫണ്ട്)

4,64,164/- (ധനകാര്യ കമ്മീഷൻ)

2,00,000/- (കേന്ദ്രാവിഷ്കൃതം))

ചെലവ് – 26,06,628/-

ബിൽ നമ്പർ 6/15-16, തുക -320026/- തീയതി 25.03.2016.

2015-16 വർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതിയ്ക്കു വേണ്ടി മേൽ ബിൽ പ്രകാരം മാറിയ തുകയിൽ 121812.50/- രൂപ ചെലവഴിച്ച് 22.12.15-ന് കേരള സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും 221 kg നിലക്കടലയും, 220 kg (5 kg യുടെ 44 bag) സൂചി റവയും, ഗോതമ്പ് റവ 40 kg, എള്ള് 45 kg, വെല്ലം 440 kg, ചെറുപയർ 1145 kg, ഉഴുന്ന് 152 kg എന്നിവ വാങ്ങിയിട്ടുണ്ട്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിലക്കടല 221 kg വാങ്ങിയതിൽ 216 kgയും, സൂചി റവ 220 kg വാങ്ങിയതിൽ 216 kg യും മാത്രമേ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയിട്ടുള്ളൂ. സ്റ്റോക്കിൽ കുറവ് വരാനുണ്ടായ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.5/2015-16)-ക്ക് ലഭ്യമാക്കിയ മറുപടിയിൽ മേൽ കാലയളവിൽ ഉണ്ടായിരുന്ന ഐ.സി.ഡി.എസ്. സൂപ്പർവൈസർക്ക് അറിയിപ്പ് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ഈ ഇനത്തിൽ ചെലവഴിച്ച 1713/- (5x163.38=817,4x222.78=896) രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-6 ലൈസൻസ് ഇല്ലാത്ത ഗുണഭോക്താവിന് മുച്ചക്ര വാഹനം നൽകി- 69,500/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ - 168/16

പ്രോജക്ടിന്റെ പേര് – ഭിന്നശേഷി ഉള്ളവർക്ക് ഉപകരണങ്ങൾ നൽകൽ.

അടങ്കൽ -134714/-

ചെലവ് -98819/-

ബിൽ നമ്പർ -11/15-16 തുക 84714/- തീയതി 28.03.2016

2015-16 വർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം പഞ്ചായത്തിലെ ഭിന്നശേഷി ഉള്ളവർക്ക് ശ്രവണ സഹായി, വീൽ ചെയർ, ക്രച്ചസ്, മുച്ചക്ര വാഹനം എന്നിവ കെൽട്രോൺ എന്ന സ്ഥാപനത്തിൽ നിന്നും (98819/- ഡി.ഡി നമ്പർ 371360/28.3.16) വാങ്ങിയിട്ടുണ്ട്. ഇതിൽ മുച്ചക്ര വാഹനം കൈപ്പറ്റിയ പ്രീത എം.കെ. എന്ന ഗുണഭോക്താവിന് ഡ്രൈവിംഗ് ലൈസൻസ് ഇല്ല. ഡ്രൈവിംഗ് ലൈസൻസ് ഇല്ലാത്ത ഗുണഭോക്താവിന് വണ്ടി നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.6/2015-16)ക്ക് ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് ഭരണ സമിതിയുടെ 16/9/2015 തീയ്യതിയിലെ 408/15 നമ്പർ തീരുമാന പ്രകാരമാണ് ഗുണഭോക്താവിനെ തിരഞ്ഞെടുത്തത് എന്നും സ്വന്തമായി വാഹനം ഉണ്ടെങ്കിലെ ഡ്രൈവിംഗ് സ്കൂളുകളിൽ ഡ്രൈവിംഗ് പരിശീലനം നൽകുന്നുള്ളു എന്നും, വാഹനം കൈപ്പറ്റി ആറുമാസത്തിനുള്ളിൽ ലൈസൻസ് ഹാജരാക്കും എന്ന എഗ്രിമെന്റിലാണ് വണ്ടി നൽകിയത് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ ലൈസൻസ് ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച 69,500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ലൈസൻസ് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി

a) പ്രോജക്ട് നമ്പർ -138/16

പ്രോജക്ടിന്റെ പേര് – പ്രതിഭാ നിർണ്ണയ പരീക്ഷ

അടങ്കൽ – 50000/- (വികസന ഫണ്ട്)

1000/- (തനത് ഫണ്ട്)

ബിൽ നമ്പർ -2//15-16

തുക -50,000/- രൂപ, തീയതി 29.02.2016

ചെലവ് - 50,000/- രൂപ

b) പ്രോജക്ട് നമ്പർ -139/16

പ്രോജക്ടിന്റെ പേര് - കായിക പരിശീലന പരിപാടി

അടങ്കൽ – 73,000/- (വികസന ഫണ്ട്)

2,000/- (തനത് ഫണ്ട്)

